**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2809 | 06/02/2018-ൽ മറുപടിയ്ക്ക്

## തൊഴിൽ രഹിത വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എസ്.ശബരീനാഥൻ | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര പേരാണ് തൊഴിൽ രഹിതരായി രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഇവരുടെ വേതനം എന്തടിസ്ഥാനത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് തൊഴിൽ രഹിതരായി 35,04,958 പേർ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാവർക്കും വേതനം അനുവദിക്കാറില്ല. വിദ്യാർത്ഥികളല്ലാത്തവരും, എസ്.എസ്.എൽ.സി. പാസായവരും കുടുംബ വാർഷിക വരുമാനം 12000/- രൂപയിൽ കവിയാത്തവരും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത 18 വയസ്സിനു ശേഷം തുടർച്ചയായി 3 വർഷം രജിസ്ട്രേഷൻ സീനിയോറിറ്റി ഉള്ളവരും , 35 വയസ്സ് അപേക്ഷിക്കുന്ന ദിവസം കഴിഞ്ഞിട്ടില്ലാത്തതുമായ ഉദ്യോഗാർത്ഥികൾക്ക് വേതനത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സമർപ്പിക്കാവുന്നതാണ്. പട്ടികജാതി-പട്ടിക വർഗ്ഗക്കാരായ അപേക്ഷകരും, അംഗപരിമിതരും എസ്.എസ്.എൽ.സി പാസ്സാകണമെന്നില്ല. അവർ പരീക്ഷയ്ക്ക് ഹാജരായാൽ മതിയാകും. അംഗപരിമിതർക്ക 2 വർഷത്തെ സീനിയോറിറ്റി മതിയാകും. തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികളാണ് അപേക്ഷ പരിശോധിച്ച് വേതനത്തിനുള്ള അർഹത നിശ്ചയിക്കുന്നത്. പ്രായപരിധി, വിദ്യാഭ്യാസ യോഗ്യത, വരുമാനം എന്നീ മാനദണ്ഡങ്ങളുടേയും, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടേയും അടിസ്ഥാനത്തിലാണ് തൊഴിൽ രഹിത വേതനം നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ പ്രതിമാസം 120/- രൂപയാണ് തൊഴിൽ രഹിത വേതനമായി അനുവദിക്കുന്നത്. |

(ബി) തൊഴിൽ രഹിത വേതനം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകാറുണ്ടോ; ഉണ്ടെങ്കിൽ എത്ര നാളത്തെ കുടിശ്ശികയാണ് വിതരണം ചെയ്യാനുള്ളത്; വിശദാംശം നല്കാമോ;

(ബി) തൊഴിൽ രഹിത വേതനം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകാറില്ല.

3/2017 മുതൽ 7/2017 വരെയുള്ള കാലയളവിലെ തൊഴിൽ രഹിത വേതനം ഓണത്തോടനുബന്ധിച്ച് ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. 8/2017 മുതൽ 2/2018 വരെയുള്ള വേതനം വിതരണം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സംസ്ഥാനത്ത് ദിവസ വേതനക്കാരുടെ ശമ്പളം ഇരട്ടിയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ തൊഴിൽ രഹിതരുടെ വേതനം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ വർദ്ധന നല്കും; വിശദമാക്കുമോ;

(സി) ഇപ്പോൾ പരിഗണനയിലില്ല .

സെക്ഷൻ ഓഫീസർ